ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.10.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ആഗോള താപനത്തിൻറെയും പരിസ്ഥിതി മലിനീകരണത്തിൻറെയും തിക്ത ഫലങ്ങൾ ലോകം ഇക്കാലത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**President Draupadi Murmu said that the world is grappling with the adverse effects of global warming and environmental pollution now and it is our duty to make all possible efforts to face these challenges.**

2) ഹരിയാന നാളെ പോളിങ്ങ് ബൂത്തിലേക്ക്. വോട്ടെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.

**All arrangements have been made for the single phase election that to be held in Haryana tomorrow.**

3) പ്രതിരോധ നിർമ്മാണമേഖലയിൽ രാജ്യം വളരെയധികം മുന്നേറിയതായും, ഇറക്കുമതിയെ ആശ്രയിച്ചിരുന്ന കാലം അവസാനിച്ചതായും രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്.

**Defense Minister Raj Nath Singh said that the country has progressed a lot in the field of defense manufacturing and becoming less dependent on defence import.**

4) ശക്തമായ നയരൂപീകരണത്തിലൂടെ, ഇന്ത്യയുടെ പ്രതിശീർഷവരുമാനം വരുംവർഷങ്ങളിൽ വൻതോതിൽ ഉയരുമെന്ന് ധനമന്ത്രി നിർമല സീതാരാമൻ.

**Finance Minister Nirmala Sitharaman said that with strong policy formulation, India's per capita income will rise massively in the coming years.**

5) 15-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിന് തുടക്കമായി. മേപ്പാടി, വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തങ്ങളിൽ ജീവൻ നഷ്ടമായവർക്ക് നിയമസഭ ആദരാഞ്ജലി അർപ്പിച്ചു.

**12th Session of the 15th Kerala Legislative Assembly started today. Kerala Assembly paid tribute to those who lost their lives in Meppadi and Vilangad landslide disasters.**

6) ഐ.സി.സി വനിതാ ട്വൻറി - 20 ലോകകപ്പിൽ ഇന്ത്യ ഇന്ന് ന്യൂസിലാൻറിനെ നേരിടും.

**In ICC Women's Twenty20 - 20 World Cup, India will take on New Zealand today.**

*********************************************

PREZ- BRAHMA KUMARIS

ആഗോള താപനത്തിൻറെയും പരിസ്ഥിതി മലിനീകരണത്തിൻറെയും തിക്ത ഫലങ്ങൾ ലോകം ഇക്കാലത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഈ വെല്ലുവിളികളെ നേരിടുക നാം ഓരോരുത്തരുടെയും കടമയാണെന്നും രാഷ്ട്രപതി പറഞ്ഞു. വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിൻറെ കർമ പരിപാടിയിൽ പങ്കുചേരണമെന്നും രാഷ്ട്രപതി അഭ്യർത്ഥിച്ചു. ആത്മീയതയിലൂടെ ആരോഗ്യകരമായ സമൂഹം എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ആഗോള ഉച്ചകോടി രാജസ്ഥാനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. മനസ് ശാന്തമായിരിക്കുമ്പോൾ മാത്രമേ സഹാനുഭൂതിയും സ്നേഹവും ഉണ്ടാകൂ എന്നും ശ്രീമതി മുർമു ചടങ്ങിൽ പറഞ്ഞു. ബ്രഹ്മ കുമാരീസ് വിദ്യാലയത്തിൻറെ നേതൃത്വത്തിലാണ് നാല് ദിവസത്തെ ഉച്ചകോടി സംഘടിപ്പിച്ചിരിക്കുന്നത്.

*********************************************

## HARYANA ELECTION

ഹരിയാനയിലെ 90-അംഗ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് നാളെ നടക്കും. വോട്ടെടുപ്പിനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായതായി ഹരിയാന ചീഫ് ഇലക്ടറൽ ഓഫീസർ പങ്കജ് അഗർവാൾ പറഞ്ഞു. ഒറ്റഘട്ടമായി നടക്കുന്ന തിരഞ്ഞെടുപ്പിൽ 1,031 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. രാവിലെ ഏഴ് മണിക്ക് ആരംഭിക്കുന്ന പോളിംഗ് വൈകിട്ട് ആറിന് അവസാനിക്കും. രണ്ട് കോടിയിലേറെ വോട്ടർമാരാണ് ഹരിയാനയിൽ നാളെ സമ്മതിദാനാവകാശം വിനിയോഗിക്കുക. 20,632 പോളിങ്ങ് ബൂത്തുകൾ സംസ്ഥാനത്ത് സജ്ജീകരിച്ചിട്ടുണ്ട്. ജമ്മുകശ്മീർ, ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പുകളുടെ ഫലപ്രഖ്യാപനം ഈ മാസം 8 ന് നടക്കും.

*******************************************

## RAJNATH SINGH

പ്രതിരോധ ഉപകരണങ്ങളുടെ നിർമ്മാണമേഖലയിൽ രാജ്യം വളരെയധികം മുന്നേറിയതായി രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്. മിശ്ര സമ്പദ് വ്യവസ്ഥയുടെ ഗുണഫലങ്ങൾ ഇന്ത്യ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുകയാണ്. അഴിമതിയിലും ചുവപ്പുനാടയിലും കുടുങ്ങി സ്വകാര്യമേഖലയ്ക്ക് വളരാൻ സാധിക്കാത്ത അവസ്ഥയല്ല ഇന്ന് രാജ്യത്തുള്ളത്. പ്രതിരോധ മേഖലയിൽ ഇറക്കുമതിയെ മാത്രം ആശ്രയിച്ചിരുന്ന കാലം അവസാനിച്ചുവെന്നും രാജ്യരക്ഷാമന്ത്രി വ്യക്തമാക്കി. ന്യൂഡൽഹിയിൽ പ്രതിരോധ ഉപകരണ നിർമ്മാതാക്കളുടെ കൂട്ടായ്മയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

*******************************************

**FM SITHARAMAN-(INTRO)**

ഇന്ത്യയുടെ പ്രതിശീർഷ വരുമാനത്തിൽ, അടുത്ത അഞ്ച് വർഷത്തിനിടെ 2,000 ഡോളറിൻറെ വർദ്ധനയുണ്ടാകുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. പ്രതിശീർഷ വരുമാനം 2,730 ഡോളറിലെത്താൻ 75 വർഷമെടുത്തതായും, എന്നാൽ ശക്തമായ നയരൂപീകരണത്തിലൂടെ വരുംവർഷങ്ങളിൽ പ്രതിശീർഷവരുമാനത്തിൽ കുതിപ്പ് രേഖപ്പെടുത്തുമെന്നും ധനമന്ത്രി പറഞ്ഞു. കേന്ദ്രധനകാര്യ മന്ത്രാലയവും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്തും സംയുക്തമായി സംഘടിപ്പിച്ച കൗടില്യ സാമ്പത്തിക കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി സീതാരാമൻ.

(ഹോൾഡ്)

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വൈകുന്നേരം കൗടില്യ കോൺക്ലേവിനെ അഭിസംബോധന ചെയ്യും.

*********************************************

**KERALA ASSEMBLY - (INTRO)**

15-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിന് ഇന്ന് തുടക്കമായി. മേപ്പാടി, വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തങ്ങളിൽ മരിച്ചവർക്ക് നിയമസഭ ഇന്ന് ആദരാഞ്ജലികൾ അർപ്പിച്ചു. മഹാ ദുരന്തമാണ് വയനാട്ടിലുണ്ടായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ദുരന്തത്തെ അതിജീവിച്ചവർക്ക് മെച്ചപ്പെട്ടതും സുരക്ഷിതവുമായ ജീവിതം നൽകാനുള്ള പരിശ്രമത്തിലാണ് സർക്കാരെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വയനാട് ദുരന്തബാധിതർക്കായി സുരക്ഷിതമായ ടൌൺഷിപ്പ് നിർമ്മാണം പുരോഗമിക്കുകയാണെന്നും, വിലങ്ങാട് ദുരന്തബാധിതരുടെ സമഗ്ര പുനരധിവാസം ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

(BYTE..............................)

മേപ്പാടി, വിലങ്ങാട് ദുരന്തവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ അഭിപ്രായപ്പെട്ടു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ മന്ദഗതിയിലാകരുതെന്നും മാതൃകാപരമായ ദുരിതാശ്വാസ പ്രവർത്തനമാണ് വേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി. കേരള ചരിത്രത്തിലെ ഏറ്റവും മാരകമായ പ്രകൃതി ദുരന്തമാണ് വയനാട്ടിലുണ്ടായതെന്ന് സ്പീക്കർ എ എൻ ഷംസീർ പറഞ്ഞു. ചരമോപചാരം അർപ്പിച്ച ശേഷം ഇന്നത്തേക്ക് പിരിഞ്ഞ സഭ തിങ്കളാഴ്ച വീണ്ടും ചേരും.

*********************************************

ബ്രേക്ക്......

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

*********************************************

**CABINET**

കൃഷി- കർഷക ക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും രണ്ട് പ്രധാന പദ്ധതികൾക്ക് കീഴിലാക്കാനുള്ള നിർദേശത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ ഇന്നലെ ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി.

പ്രധാൻ മന്ത്രി രാഷ്ട്രീയ കൃഷി വികാസ് യോജന, കൃഷോന്നതി യോജന എന്നിവയാണ് ഈ പദ്ധതികൾ. ആഭ്യന്തര എണ്ണക്കുരു ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ഭക്ഷ്യ എണ്ണകളിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ദേശീയ ദൗത്യത്തിനും അംഗീകാരമായി. പ്രാഥമിക എണ്ണക്കുരു ഉൽപ്പാദനം 2030-31 ഓടെ 69.7 ദശലക്ഷം ടണ്ണായി ഉയർത്താനാണ് ദൗത്യം ലക്ഷ്യമിടുന്നത്. മറാഠി, ബംഗാളി, അസമീസ്, പാലി, പ്രാകൃത് ഭാഷകൾക്ക് ശ്രേഷ്ഠഭാഷാപദവി

നൽകാനും മന്ത്രിസഭായോഗം തീരുമാനിച്ചു. 2004 മുതലാണ് ആയിരത്തിലേറെ വർഷം പഴക്കമുള്ളതും,തനിമയും, സാഹിത്യ പാരമ്പര്യവുമുള്ള ഭാഷകൾക്ക് ശ്രേഷ്ഠഭാഷാപദവി നൽകാൻ കേന്ദ്രസർക്കാർ തീരുമാനിച്ചത്. ചെന്നൈ മെട്രോ റെയിൽ പദ്ധതി രണ്ടാം ഘട്ടത്തിനും കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. റെയിൽവേ ജീവനക്കാർക്ക് 78 ദിവസത്തെ ഉൽപ്പാദന ബന്ധിത ബോണസിനും അംഗീകാരമായി.

*******************************************

## PM CABINET

മറാഠി, ബംഗാളി, അസമീസ്, പാലി, പ്രാകൃത് ഭാഷകൾക്ക് ശ്രേഷ്ഠഭാഷാപദവി നൽകുന്നതിൽ സന്തോഷം പങ്കുവയ്ച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തിൻറെ ചരിത്രത്തേയും സംസ്കാരത്തെയും പരിപോഷിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. ചെന്നൈ മെട്രോ രണ്ടാംഘട്ടത്തിന് അംഗീകാരം നൽകാനുള്ള കേന്ദ്ര സർക്കാർ തീരുമാനം, ചെന്നൈ നഗരത്തിലെ ട്രാഫിക്ക് പ്രശ്നങ്ങൾക്ക് പരിഹാരമേകുമെന്നും സുസ്ഥിരതയും സാമ്പത്തിക വളർച്ചയും പ്രദാനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

*******************************************

## PATHANAMTHITTA - (INTRO)

1968 ൽ നടന്ന സൈനിക വിമാന അപകടത്തിൽ കാണാതായ പത്തനംതിട്ട ഇലന്തൂർ സ്വദേശിയായ സൈനികൻ തോമസ് ചെറിയാൻറെ സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ ഇന്ന് നടക്കും. സമൂഹത്തിൻറെ നാനാതുറകളിൽ നിന്നും, നിരവധിപ്പേരാണ് അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനായി വസതിയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്നത്.

ഇലന്തൂർ കാരൂർ സെൻറ് പീറ്റേഴ്സ് ഓർത്തഡോക്സ് വലിയ പള്ളിയിൽ ഉച്ചയ്ക്ക് രണ്ടിനാണ് സംസ്കാര ചടങ്ങുകൾ .

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....

(വോയിസ്........)

*******************************************

## SC- TIRUPATI PRASADAM

തിരുപ്പതി ലഡുവിൽ മൃഗക്കൊഴുപ്പ് അടങ്ങിയ നെയ് ഉപയോഗിച്ചെന്ന വിവാദത്തിൽ സിബിഐ ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കാൻ സുപ്രീംകോടതി ഉത്തരവിട്ടു. സി.ബി.ഐ ഉദ്യോഗസ്ഥർ, ആന്ധ്രാപ്രദേശ് പോലീസ് ഉദ്യോഗസ്ഥർ, കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഉദ്യോഗസ്ഥർ എന്നിവർ അടങ്ങിയ അഞ്ചംഗ അന്വേഷണ സംഘത്തെയാണ് ഇതിനായി ചുമതലപ്പെടുത്തിയത്.

ജസ്റ്റിസ് ബി ആർ ഗവായ് അധ്യക്ഷനായ ബഞ്ചിൻറേതാണ് ഉത്തരവ്. വിഷയത്തിലെ കോടതി ഉത്തരവുകൾ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കരുതെന്നും സുപ്രീംകോടതി കർശന നിർദ്ദേശം നൽകി.

*******************************************

## SCHOOL KALOLSAVAM

സംസ്ഥാന സ്കൂൾ കലോത്സവം 2025, ജനുവരി ആദ്യ വാരം തിരുവനന്തപുരത്ത് നടക്കും. നേരത്തെ ഡിസംബർ മൂന്നു മുതൽ ഏഴു വരെ നടത്താനായിരുന്നു തീരുമാനിച്ചിരുന്നത്. നാഷണൽ അച്ചീവ്മെന്റ് എക്സാം ഡിസംബർ നാലിന് നടക്കുന്ന സാഹചര്യത്തിലാണ് തീയതി മാറ്റിയത്. ഇതനുസരിച്ച് സ്കൂൾ, ഉപജില്ല, ജില്ലാതല മത്സരങ്ങളും മാറ്റും. സ്കൂൾതല

മത്സരങ്ങൾ ഒക്ടോബർ 15-നകവും ഉപജില്ലാതല മത്സരങ്ങൾ നവംബർ 10നകവും ജില്ലാതല മത്സരങ്ങൾ ഡിസംബർ 3നകവും പൂർത്തിയാക്കും.

********************************************

## Womens T20 World Cup 2024

ഐ.സി.സി വനിതാ ട്വൻറി - 20 ലോകകപ്പിൽ ഇന്ത്യ ഇന്ന് ന്യൂസിലാൻറിനെ നേരിടും . രാത്രി 7.30 ന് ദുബായിലാണ് മത്സരം. ഉച്ചതിരിഞ്ഞ് 3.30 ന് നടക്കുന്ന ആദ്യമത്സരത്തിൽ വെസ്റ്റ് ഇൻഡീസ് ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്നലെ നടന്ന മത്സരങ്ങളിൽ ബംഗ്ലാദേശ് - സ്കോട്ട്ലൻഡിനെയും, പാക്കിസ്ഥാൻ ശ്രീലങ്കയെയും പരാജയപ്പെടുത്തി. ഇന്ത്യയുടെ അടുത്ത മത്സരം പാകിസ്ഥാനുമായി ഞായറാഴ്ച നടക്കും.

********************************************

**************************

*********